**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6124** **09-11-2021 - ൽ മറുപടിയ്ക്ക്**

**ചക്രവാത ചുഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈയടുത്തകാലത്തുണ്ടായ ചക്രവാത ചുഴി മൂലമുണ്ടായ കടുത്ത മഴയിലും വെള്ളപ്പൊക്കത്തിലുമായി വകുപ്പിന്റെ ഏതെല്ലാം ഡാമുകള്‍ തുറന്നുവിടേണ്ടിവന്നു; അതുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങള്‍ സംബന്ധിച്ച് വകുപ്പിന്റെ കണക്കുകൂട്ടലുകള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | ചക്രവാത ചുഴി മൂലമുണ്ടായ കടുത്ത മഴയിലും വെള്ളപ്പൊക്കത്തിലും ജലവിഭവ വകുപ്പിനു കീഴിലുള്ള നെയ്യാർ, പേപ്പാറ, അരുവിക്കര, പരപ്പാർ, മലങ്കര, വാഴാനി, ചിമ്മിനി, മലമ്പുഴ, ചുള്ളിയാർ എന്നീ ഡാമുകൾ തുറന്നു വിടേണ്ടി വന്നു. ഡാമുകളിൽ നിന്നുള്ള ജലം പുഴകളിലെ നീരൊഴുക്ക് കണക്കിലെടുത്ത് നിയന്ത്രിത അളവിൽ തുറന്നുവിട്ടതു കൊണ്ടും കൃത്യമായ മുൻകരുതലുകൾ എടുത്തിരുന്നതുകൊണ്ടും ജലനിർഗമന പാതകളിൽ തടസ്സങ്ങളില്ലാതിരുന്നതു കൊണ്ടും ഡാമുകൾ തുറന്ന് ജലം ഒഴുക്കിയതുമായി മാത്രം ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത നാശനഷ്ടങ്ങള്‍ക്ക് വിധേയരായവര്‍ എത്രയെന്നും വിവിധ മേഖലകളിലായി കര്‍ഷകരടക്കം നാശനഷ്ടങ്ങള്‍ക്കു വിധേയരായവര്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് നല്‍കുവാനുദ്ദേശിക്കുന്നത് എന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും കണക്കാക്കിയോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഇതിനായി എന്തെല്ലാം കേന്ദ്രസഹായം സര്‍ക്കാര്‍ ആവശ്യപ്പെട്ടു; എന്തെല്ലാം സഹായങ്ങള്‍ നാളിതുവരെ ലഭ്യമാക്കി; ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന തുടര്‍ നടപടികള്‍ എന്തെല്ലാം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ